പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 2095 — 17.06.2014-ലെ മറുപടിയ്ക്ക്

## വിലക്കയറ്റം തടയാൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>,, കെ.ശിവദാസൻ നായർ<br>,, ലൂഡി ലൂയിസ്<br>,, എം.എ.വാഹീദ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് നൽകാനായി സഹകരണ മേഖലയെ എപ്രകാരമാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ വകുപ്പിനു കീഴിൽ അപ്പക്സ് സ്ഥാപനമായ കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ വിലവർദ്ധനവ് തടയുന്നതിനായി പൊതുജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയെക്കാൾ 20% കുറഞ്ഞ നിരക്കിൽ നന്മ സ്റ്റോറുകളിലൂടെയും ഉത്സവകാല സബ്സിഡി വിപണന മേളകളിലൂടെയും ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ആയത് പൊതുവിപണിയിലെ വിലക്കയറ്റം തടയുന്നതിന് ഒരു പരിധിവരെ സഹായകരമായിട്ടുണ്ട്. |
| (ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിശദാംശം അറിയിക്കുമോ; | (ബി) കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ സബ്സിഡി വിപണന മേളകൾ സംഘടിപ്പിക്കാറുണ്ട്. കൺസ്യൂമർഫെഡ് നേരിട്ടും സഹകരണ സംഘങ്ങൾ |

| | | |
|---|---|---|
| | | മുഖാന്തിരവുമാണ് ഇവ സംഘടിപ്പിക്കുന്നത്. [illegible] ത്രിവേണി സ്റ്റോറുകൾ എല്ലാ നിയോജക മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നത് കൂടാതെ നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവനും പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. |
| (സി) | ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ഇതിനായി ആരംഭിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് വിലകുറച്ച് ലഭ്യമാക്കുന്നതിലേയ്ക്കായി നന്മ സ്റ്റോറുകൾ സംസ്ഥാന വ്യാപകമായി ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ വർഷം മുഴുവനും പൊതു വിപണിയെക്കാൾ 20% വരെ വില കുറച്ച് സാധനങ്ങൾ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ച് നിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നുള്ള വിശദാംശം നൽകുമോ? | (ഡി) വിലവർദ്ധനവിന് ഏറ്റവും സാധ്യതയുള്ള ഉൽസവകാലങ്ങളിൽ നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നിന്നും 20% വരെ കുറഞ്ഞ നിരക്കിൽ സബ്സിഡി വിപണനമേളകളിലൂടെയും, വർഷം മുഴുവനും 20% കുറവിൽ നന്മ സ്റ്റോറുകളിലൂടെയും വിപണനം നടത്തുന്നതിലൂടെ പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങൾക്ക് 15% മുതൽ 50% വരെ വിലകുറയുവാൻ ഇടയാക്കിയിട്ടുണ്ട്. ഇപ്രകാരം വിലക്കയറ്റവും, കൃത്രിമ ക്ഷാമവും ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ